പതിമൂന്നാം കേരള നിയമസഭ - പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 1139 — 04/12/2014-ൽ മറുപടിക്ക്

## മുന്നിയൂർ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകനായിരുന്ന ശ്രീ കെ.കെ .അനീഷ് ആത്മഹത്യചെയ്യാനുണ്ടായ കാരണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി.ജലീൽ | ശ്രീ. പി.കെ. അബ്ദുറബ്ബ്, വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കന്ററി സ്കൂൾ സാമൂഹ്യശാസ്ത്ര അദ്ധ്യാപകനായിരുന്ന ശ്രീ കെ.കെ .അനീഷ് ആത്മഹത്യചെയ്യാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ). പ്രസ്തുത വിഷയത്തിൽ 18.11.2014 - ൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) അദ്ധ്യാപകനെ സ്കൂളിൽ നിന്ന് പിരിച്ചുവിട്ടതും തുടർന്നു സ്കൂൾ മാനേജരുടെ പീഠനവുമാണ് ആത്മഹത്യയിലേക്ക് നയിച്ചത് എന്ന് പരാതി ലഭിച്ചിട്ടുണ്ടോ; ഇതിൻമേൽ അന്വേഷണം നടത്തുകയുണ്ടായോ; | (ബി). ഉണ്ട്. പ്രസ്തുത വിഷയത്തിൽ 18.11.2014 - ൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (സി) അദ്ധ്യാപകനെ ആദ്യം സസ്പെന്റ് ചെയ്യുകയും പിന്നീട് പുറത്താക്കുകയും ചെയ്ത മാനേജരുടെ നടപടിക്ക് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ അംഗീകാരം നൽകിയത് സംബന്ധിച്ച് അദ്ധ്യാപകൻ സമർപ്പിച്ച അപ്പീൽ പരിശോധിക്കുകയുണ്ടായോ; ഇതിൻമേൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) അദ്ധ്യാപകൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചിരുന്നു. അതിൻമേൽ നടപടി പൂർത്തിയാക്കുന്നതിനു മുമ്പ് ടിയാൻ ആത്മഹത്യ ചെയ്തിരുന്നു. |
| (ഡി) അദ്ധ്യാപകനെതിരെ നടപടി എടുക്കുന്നതിന് ആധാരമായ പരാതിയും വൂണ്ട് സർട്ടിഫിക്കറ്റും വ്യാജമാണെന്ന ആക്ഷേപം സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണത്തിന് തയ്യാറാകുമോ; | (ഡി) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത വിഷയത്തിൽ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| (ഇ) അദ്ധ്യാപകർക്കുമേൽ അച്ചടക്ക നടപടിയെടുക്കാനുള്ള മാനേജരുടെ അധികാരം ദുരുപയോഗം ചെയ്യുന്നതും അതിന് വിദ്യാഭ്യാസ വകുപ്പ് മേലധികാരികൾ വേണ്ടത്ര പരിശോധന നടത്താതെ അംഗീകാരം നൽകുന്നതും സംബന്ധിച്ച് നിലപാട് എന്താണെന്ന് വിശദമാക്കുമോ? | (ഇ) പ്രസ്തുത വിഷയത്തിൽ ലഭ്യമാക്കുന്ന ആക്ഷേപങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**